**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2243** **12-02-2024 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പാനൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാനായിട്ടില്ല. |
| (ബി) | പാനൂർ താലൂക്ക് ആശുപത്രി സ്ഥലമെടുപ്പ് നടപടികൾ തടസ്സങ്ങൾ നീക്കി യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | പാനൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ നുച്ചിക്കാട് മുസ്തഫ എന്നവർ ഫയൽ ചെയ്ത റിട്ട് ഹർജി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസിൽ ബഹു. ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടരാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കേസ് സംബന്ധിച്ച വിവരങ്ങൾ ബഹു. കോടതിയ്ക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട ലെവൽ 1 വിജ്ഞാപനമാണ് (പ്രാഥമിക വിജ്ഞാപനം) ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്തരം (ബി) പിരിവിൽ കൊടുത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ